മലാപ്പറമ്പ് ഗവ. വനിതാ പോളിടെക്നിക്കിൽ വോട്ട് ചെയ്യാനെത്തിയവരുടെ നീണ്ട നിര.

ബേപ്പൂർ ജിഎച്ച്എസ്എസിൽ വോട്ട് ചെയ്യാനെത്തിയ വയോധിക.

പയ്യാനക്കൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ വോട്ട് ചെയ്യാനെത്തിയവരുടെ നീണ്ട നിര.

മലയോരത്ത് മികച്ച പോളിംഗ്, ഒരു മണിക്കൂറോളം പോളിംഗ് തടസപ്പെട്ടു

മുക്കം: മലയോര മേഖലയിലും മികച്ച പോളിംഗ്. രാവിലെ മുതൽ ചില ബൂത്തുകളിൽ വലിയ തിരക്ക് നുഭവപ്പെട്ടെങ്കിലും പോളിംഗ് പൊതുവെ സമാധാനപരമായിരുന്നു.

മുക്കം നഗരസഭയിലെ തൂങ്ങും പുറം അങ്കണവാടിയിൽ പ്രവർത്തിച്ച 146ആം നമ്പർ ബൂത്തിൽ രണ്ട് തവണ വോട്ടിംഗ് മെഷീൻ തകരാറിലായത് വോട്ടർമാരെ ബുദ്ധിമുട്ടിലാക്കി. തുടർന്ന് വോട്ടിംഗ് മെഷീൻ നന്നാക്കി വോട്ടിംഗ് പുനരാരംഭിക്കുകയായിരുന്നു. കാരശേരി പഞ്ചായത്തിലെ തേക്കുംകുറ്റി ഫാത്തിമ മാത എൽപി സ്കൂൾ 158 നമ്പർ ബൂത്തിൽ എട്ടോടെ വോട്ടിംഗ് യന്ത്രം തകരായതിനെ തുടർന്ന് ഒരു മണിക്കൂറോളം പോളിംഗ് തടസപ്പെട്ടു. ഒമ്പതോടെ പുതിയ വോട്ടിംഗ് യന്ത്രം എത്തിച്ചാണ് പോളിംഗ് പുനരാരംഭിച്ചത്.

കേടായ യന്ത്രത്തിൽ 72 പേർ വോട്ട് രേഖപ്പെടുത്തിയിരുന്നു. കാരശേരി കക്കാട് വില്ലേജിൽപ്പെട്ട 182, 183 കക്കാട് ഗവ. എൽപി സ്കൂളിലെ രണ്ട് ബൂത്തുകളിലും ആറ് കഴിഞ്ഞു നൂറിലധികം പേർ വോട്ട് രേഖപ്പെടുത്താനുണ്ടായിരുന്നു.

ഇതേ തുടർന്ന് ചെറിയ രീതിയിൽ സംഘർഷം ഉണ്ടാവുകയും ആളുകൾ പിരിഞ്ഞു പോകാത്ത സാഹചര്യത്തിൽ താമരശേരി ഡിവൈഎസ്പി ഗണേഷ് കുമാർ, ഇൻസ്പെക്ടർ കെ.പി ആനന്ദ്, എസ്ഐ സന്തോഷ് കുമാർ ഉൾപ്പെടെ എത്തെത്തിയാണ് രംഗം ശാന്തമാക്കിയത്. പിന്നീട് പോലീസുകാരുടെ മേൽനോട്ടത്തിൽ പോളിംഗ് നല്ല രീതിയിൽ പൂർത്തിയാക്കുകയായിരുന്നു.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇരുപതിലധികം ബൂത്തുകൾ വർധിച്ചതിനാൽ കാര്യമായ തിരക്കൊന്നും ഒട്ടുമിക്ക ബൂത്തുകൾക്ക് മുന്നിലും കാണാനായില്ല. ആയിരത്തിന് മുകളിൽ വോട്ടർമാരുള്ള ചില ബൂത്തുകളിൽ ചെറിയ തിരക്ക് അനുഭവപ്പെട്ടു. ചെറുവാടി ഗവ.ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെടയുള്ള ചില ബൂത്തുകളിൽ എൻഎസ്എസ് വളണ്ടിയർമാർ കുടിവെള്ളം വിതരണം ചെയ്തത് വോട്ടർമാർക്ക് വലിയ ആശ്വാസമായി. തിരുവമ്പാടി മണ്ഡലത്തിലാകെ1,92,134 വോട്ടർമാരാണുള്ളത്. ഇതിൽ 95,026 പുരുഷൻമാരും 97,107 സ്ത്രീ വോട്ടർമാരുമാണ്. ആകെ 209 ബൂത്തുകളാണ് മണ്ഡലത്തിലുള്ളത്. പുതുപ്പാടി 38, കോടഞ്ചേരി 33, തിരുവമ്പാടി 29, കൂടരഞ്ഞി 19, മുക്കം 36, കാരശേരി 28, കൊടിയത്തൂർ 26 എന്നിങ്ങനെയാണ് ബൂത്തുകളുടെ എണ്ണം.

യന്ത്രതകരാർ: പേരാമ്പ്രയിലും നാദാപുരത്തും വോട്ടർമാർ വലഞ്ഞു

പേരാമ്പ്ര/നാദാപുരം: വോട്ടിംഗ് മെഷീനുകൾ പണിമുടക്കിയതോടെ പേരാമ്പ്രയിലും നാദാപുരത്തും വോട്ടർമാർ വലഞ്ഞു.

ചില ബൂത്തുകളിൽ വോട്ടിംഗ് യന്ത്രം തകരാറിലായത് പോളിംഗ് പ്രക്രിയ ആരംഭിക്കുന്നത് വൈകുന്നതിനു കാരണമായി. പേരാമ്പ്ര മണ്ഡലത്തിലെ കൂത്താളി 67- ാം നമ്പർ ബൂത്തിൽ രണ്ട് മണിക്കൂർ കഴിഞ്ഞിട്ടും പോളിംഗ് ആരംഭിക്കാൻ കഴിഞ്ഞില്ല. വോട്ടിംഗ് യന്ത്രം തകരാറിലായതിനെ തുടർന്ന് മറ്റൊരു മെഷീൻ കൊണ്ടു വന്നെങ്കിലും അതും പ്രവർത്തന ക്ഷമമായിരുന്നില്ല. കാലത്ത് മുതൽ വന്നവർ വോട്ടു ചെയ്യാനായി കാത്തു നിൽക്കുകയായിരുന്നു. പേരാമ്പ്ര വ്യന്ദാവൻ സ്കൂൾ ബൂത്ത് 95 ൽ രണ്ട് മണി മുതൽ യന്ത്ര തകരാർ മൂലം പോളിംഗ് തടസപ്പെട്ടു.

വടക്കുമ്പാട് ഹയർ സെക്കൻഡറി സ്കൂളിൽ ബൂത്ത് 21 ൽ ഉച്ചക്ക് അര മണിക്കൂർ നേരം യന്ത്ര തകരാർ മൂലം പോളിംഗ് തടസപ്പെട്ടു. നാദാപുരം മണ്ഡലത്തിലെ ഉമ്മത്തൂർ സ്കൂളിലെ 51, വളയം പൂവംപൊയിൽ 76, കുറ്റ്യാടി മണ്ഡലത്തിലെ പുറമേരി 61 നമ്പർ ബൂത്തുകളിലാണ് യന്ത്രത്തകരാറുകാരണം പോളിംഗ് തടസം നേരിട്ടത്.

പൂവംപൊയിൽ എൽപി സ്കൂളിൽ രണ്ട് യന്ത്രങ്ങൾ പുതുതായി കൊണ്ടുവന്നെങ്കിലും തകരാറ് പരിഹരിക്കാനായില്ല. മറ്റൊരു യന്ത്രം കൂടി കൊണ്ടു വന്നാണ് പ്രശ്നം പരിഹരിച്ചത്. ഇതേ തുടർന്ന് എട്ടരയോടെയാണ് ഇവിടെ പോളിംഗ് ആരംഭിച്ചത്.

തലക്ക് പരിക്കേറ്റ കുമാരൻ.

പരിക്കേറ്റ സുബൈദ

യുഡിഎഫ് ബൂത്ത് ഏജന്റുമാർക്ക് മർദനം

നാദാപുരം: കോടഞ്ചേരിയിലും നരിപ്പറ്റയിലും യുഡിഎഫ് ബൂത്ത് ഏജന്റുമാർക്ക് മർദനം.

കോടഞ്ചേരി 43-ാം ബൂത്ത് ശിശു മന്ദിരത്തിലെ വനിത ബൂത്ത് ഏജന്റ് ആശാരിക്കണ്ടി സുബൈദ(59), നരിപ്പറ്റ കുമ്പളച്ചോലയിൽ പീടികക്കണ്ടി കുമാരൻ (64), കമ്മായി കുഞ്ഞിക്കണ്ണൻ എന്നിവർക്കാണ് സാരമായി പരിക്കേറ്റത്. രണ്ട് സ്ഥലത്തും കള്ളവോട്ട് തടഞ്ഞതിലുള്ള വിരോധത്തിൽസിപിഎം പ്രവർത്തകർ ആക്രമിച്ചുവെന്നാണ് പരാതി. സുബൈദയുടെ

കൈക്ക് സാരമായി പരിക്കേറ്റിട്ടുണ്ട്. കുമാരന് തലക്കാണ് പരിക്ക്. ഇവരെ നാദാപുരം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയതിന് ശേഷമാണ് സംഭവം.

ജില്ലയിലെ ഭിന്നശേഷി ഉദ്യോഗസ്ഥർ നിയന്ത്രിക്കുന്ന ഏക പോളിംഗ് ബൂത്തായ കാരപ്പറമ്പ് ഗവ. ഹയർസെക്കൻഡറി സ്കൂളിൽ വോട്ട് ചെയ്യാനെത്തിയ ഇതേ സ്കൂളിലെ പ്ലസ് ടു വിദ്യാർഥി വിനായക്.

കുന്നമംഗലം മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി പി.ടി.എ റഹീം കൊടുവള്ളി ജിഎംഎൽപി സ്കൂളിലെ 117-ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം കുടുംബത്തോടൊപ്പം പുറത്തിറങ്ങിയപ്പോൾ.

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കളക്ടറേറ്റിലെ ആസൂത്രണസമിതി ഹാളിൽ സജ്ജീകരിച്ച വെബ്കാസ്റ്റിംഗ് കൺട്രോൾ റൂം.

പേരാമ്പ്ര മണ്ഡലത്തിലെ ബൂത്ത് 224 നൊച്ചാട് എംഎൽപി സ്കൂളിലേക്ക് കിടപ്പു രോഗിയായ വോട്ടറെ കൊണ്ടു വരുന്നു.

വോട്ടിന് കോഴ അപമാനകരം: മുല്ലപ്പള്ളി

വടകര: വോട്ടിന് കോഴ പലയിടത്തും നടന്നത് പ്രബുദ്ധ കേരളത്തിന് അപമാനകരമാണെന്ന് മുൻ കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു.

ഇത്തരം രീതി എല്ലാറ്റിനും നമ്പർ വൺ എന്ന് പറയുന്ന കേരളത്തെ പിറകിലേക്ക് വലിക്കും. ചോമ്പാൽ എൽപി സ്കൂളിൽ 21-ാം ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് യുഡിഎഫ് മികച്ച വിജയം നേടി അധികാരത്തിലെത്തും. മുഖ്യമന്ത്രിയായി ആരെയും ഉയർത്തി കാണിക്കില്ലെന്നും പാർലമെന്ററി പാർട്ടി മുഖ്യമന്ത്രിയെ തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

യുഡിഎഫ് നേതാക്കളായ പി. ബാബുരാജ്, പ്രദീപ് ചോമ്പാല, യു.എ. റഹീം എന്നിവർ ഒപ്പമുണ്ടായിരുന്നു.

ഫർണീച്ചർ കടയിൽ തീപിടിത്തം

പന്തിരിക്കര: ടൗണിൽ ഫർണീച്ചർ കടയിൽ കഴിഞ്ഞ ദിവസമുണ്ടായ അഗ്നിബാധ വൻ നാശമുണ്ടാക്കി.

കെ.കെ. സുപ്പിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിലാണ് തീപിടിത്തം. 65 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. പേരാമ്പ്ര, നാദാപുരം അഗ്നിശമന സേന തീയണച്ചു.

നാരായണി അമ്മ വോട്ട് ചെയ്ത് മടങ്ങുന്നു

അവശതകൾ മറന്ന് നാരായണിയമ്മ വോട്ട് ചെയ്യാൻ എത്തി

അത്തോളി: 95-ാം വയസിൽ വോട്ട് ചെയ്ത വോട്ടറെ കാണാൻ 'ആരാധകരുടെ' തിക്കും തിരക്കും. അത്തോളി ഗവ. ഹയർ സെക്കൻഡറി സ്കൂൾ പോളിംഗ് സ്റ്റേഷൻ 198-ാം നമ്പർ ബൂത്തിൽ വോട്ട് ചെയ്യാൻ എത്തിയ വേളൂർ ഇല്ലത്ത് വീട്ടിൽ നാരായണിയമ്മയാണ് വാർദ്ധക്യത്തിന്റെ അവശതകൾ മറന്ന് വോട്ട് ചെയ്യാൻ എത്തിയത്.

ഉച്ചക്ക് 12 .30 ഓടെയാണ് സഹോദരൻ ബാലൻ നായരും ഭാര്യ സുമതിയുമൊപ്പം നാരായണി അമ്മ വോട്ട് ചെയ്യാൻ എത്തിയത്. ബാലൻ നായർക്കൊപ്പം ഓപ്പൺ വോട്ട് ചെയ്ത് മടങ്ങും വഴി എന്തിനാ വന്നത് എന്ന് അറിയാമോ എന്ന ചോദ്യത്തിന് നിറഞ്ഞ പുഞ്ചിരിയായിരുന്നു മറുപടി. ബന്ധു കൂടിയായ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശാന്തി മാവീട്ടിലും അമ്മയും ഇവർക്ക് മുൻപായാണ് വോട്ട് ചെയ്തത്.

നാരായണി അമ്മയുടെ കൈ പിടിച്ച് കാറിലേക്ക് കയറ്റാനും ശാന്തിയും ഒപ്പം ഉണ്ടായിരുന്നു. ശരീരം പകുതിയോളം മടങ്ങി ഏറെ പ്രയാസപ്പെട്ട് വോട്ട് ചെയ്ത് മടങ്ങിയ നാരായണിയമ്മയെ ആശ്ചര്യത്തോടെ വീക്ഷിക്കാൻ പുതുതലമുറ വോട്ടർമാരും ഓടിയെത്തിയിരുന്നു.

പ്രസവ ശേഷം ആംബുലൻസിൽ വോട്ടുചെയ്യാനെത്തിയ ഫർസാന. കോഴിക്കോട് പയ്യാനക്കൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നുള്ള ദൃശ്യം .

ബാലുശേരി മണ്ഡലത്തിലെ മൂലാട് ഹിന്ദു എൽപി സ്കൂളിൽ കന്നി വോട്ടു ചെയ്ത പറക്കുന്നത്ത് ആര്യ ഹൽവ മധുരവുമായി.

ഈരൂട് സെന്റ് ജോസഫ്സ് എൽപി സ്കൂളിൽ നിയോഗിച്ച കേന്ദ്രസേന.

കള്ളവോട്ട് ചെയ്തതായി പരാതി

പുതുപ്പാടി: ഈങ്ങാപ്പുഴയിൽ വാർഡ് അംഗത്തിന്റെ ഭർത്താവിന്റെ വോട്ട് കള്ളവോട്ട് ചെയ്തതായി പരാതി.

ഈങ്ങാപ്പുഴ എംജിഎം ഹയർ സെക്കൻഡറി സ്കൂളിലെ 27-ാം നമ്പർ ബൂത്തിലെ 338 ക്രമനമ്പറുകാരനായ പയോണ കുറുമരുകണ്ടി അനൂപിന്റെ വോട്ടാണ് മറ്റാരോ ചെയ്തതായി ആരോപണം ഉയർന്നത്.

സംഭവത്തിൽ റിട്ടേണിംഗ് ഓഫീസർക്ക് പരാതി നൽകിയതിനെ തുടർന്ന് ടെണ്ടർ വോട്ട് ചെയ്യാൻ അനുമതി ലഭിച്ചു. പുതുപ്പാടി പഞ്ചായത്ത് കരികുളം വാർഡ് അംഗം അനഘ മനുവിന്റെ ഭർത്താവാണ് അനൂപ്. സംഭവം സംബന്ധിച്ച് പോലീസിൽ പരാതി നൽകുമെന്ന് അനൂപ് പറഞ്ഞു.

കോടഞ്ചേരിയിൽ തെരഞ്ഞെടുപ്പ് സമാധാനപരം

കോടഞ്ചേരി: പഞ്ചായത്തിൽ തെരഞ്ഞെടുപ്പ് സമാധാനപരമായി നടന്നു.

വേളങ്കോട് സെന്റ് ജോർജ് ഹൈസ്കൂളിലെ 58-ാം ബൂത്തിൽ വോട്ടിംഗ് മെഷീൻ തകരാറിലായതിനെ തുടർന്ന് അരമണിക്കൂർ വൈകിയാണ് പോളിംഗ് ആരംഭിച്ചത്. ഇവിടെ തുടക്കത്തിൽ നീണ്ട നിര രൂപപ്പെട്ടു.

ഫ്രഷ് കട്ട് പ്രശ്നം നിലനിൽക്കുന്ന ഈരൂട് ഭാഗത്തെ സെന്റ് ജോസഫ്സ് എൽപി സ്കൂളിൽ കേന്ദ്രസേനയെ വിന്യസിച്ചിരുന്നു. ഇവിടെയും പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

സൗത്തിലെ എൻഡിഎ സ്ഥാനാർഥി മതം പറഞ്ഞ് വോട്ട് പിടിച്ചെന്ന് സിപിഎം

കോഴിക്കോട് : കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർഥി മതം പറഞ്ഞ് വോട്ട് പിടിച്ചു എന്ന ആരോപണവുമായി സിപിഎം രംഗത്ത്. സംഭവത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ പരാതി നൽകിയിട്ടുണ്ടെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി അംഗം എളമരം കരീം പറഞ്ഞു.

40 ലക്ഷത്തിലധികം രൂപ ചെലവഴിച്ചാണ് സൗത്തിലെ എൻഡിഎ സ്ഥാനാർഥി പ്രചാരണം നടത്തിയത്.

അതിലും പരാതി നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നാദാപുരം,കുറ്റ്യാടി മേഖലയിൽ പ്രവാസി വോട്ടർമാർ ഏറെയുണ്ട് അവരുടെ ഐഡി കാർഡ് യുഡിഎഫ് പ്രവർത്തകർ കൈവശപ്പെടുത്തിയിട്ടുള്ളതായും എളമരം കരീം വ്യക്തമാക്കി. അതുക്കൊണ്ട് തന്നെ കള്ളവോട്ട് സാധ്യതയുണ്ടായിരുന്നതായും ചൂണ്ടിക്കാട്ടി. ഇത് സംബന്ധിച്ച് ഇന്നലെ തന്നെ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിട്ടുണ്ടെന്നും. വ്യക്തമാക്കി.

ചക്കിട്ടപാറ പഞ്ചായത്തിലെ സെന്റ് ആന്റണീസ് എൽ പി സ്കൂളിൽ 47, 48 ബൂത്തുകളിൽ ഇന്നലെ ഉച്ചക്ക് 12ന് വോട്ട് ചെയ്യാനെത്തിയവരുടെ നീണ്ട നിര.

ബാങ്ക് ഓഫ് ബറോഡ Bank of Baroda

പാലാഴി ശാഖ കോലത്തായി കോംപ്ലക്സ്, പാലാഴി, പാല | പി.ഒ. ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്, കേരളം-673014, Ph: +91-0495-2434121,e-mail: vjpazh@bankofbaroda.com

ജംഗമ വസ്തുക്കളെ സംബന്ധിച്ച ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 6 (2) പ്രകാരമുള്ള ജംഗമ വസ്തുക്കളുടെ ഇ – ലേല വിൽപന നോട്ടീസ്

വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷമായി കൈവശപ്പെടുത്തിട്ടുള്ള ജംഗമ വസ്തുക്കൾ "As is where is", "As is what is" & "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ- ലേല തീയതിയും സമയവും/നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: ശ്രീ. ജുബിൻ പ്രകാശ്.കെ, S/o. ജയപ്രകാശ്.കെ, ശ്രീമതി ബീന കെ. W/o ജയപ്രകാശ്.കെ, ഇരുവരും താമസം രേവതി, കളരിക്കൽ, വിരിപ്പാടത്ത്, വളയനാട്, കൊമ്മേരി, കോഴിക്കോട് - 673007

കുടിശ്ശിക തുക: 05.04.2026 ലെ രൂപ 2,96,019.66 (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി പത്തൊൻപത് രൂപ അറുപത്തി ആറ്പൈസ മാത്രം) യും പലിശയും മറ്റ് ചെലവുകളും.

വാഹനത്തിന്റെ വിശദവിവരണം: നിർമ്മിതി : Maruti Suzuki India Ltd; മോഡൽ: Maruti Wagon R LXI BS IV .രജിസ്ട്രേഷൻ നം. KL-11-BM-81; രജിസ്ട്രേഷൻ തീയതി: 30-08-2018; ചേസിസ് നം.MA3EWDEIS00D52990AJ; അറിയപ്പെടുന്ന ബാധ്യതകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ: ബാങ്ക്ഓഫ് ബറോഡ, പാലാഴി ശാഖയിൽ പണയപ്പെടുത്തിയിരിക്കുന്നു.

കരുതൽ വില: രൂപ 2,90,000/- (GST ഒഴികെ) | നിരതദ്രവ്യം: രൂപ 29,000/-

കൈവശമെടുത്ത രീതി: പ്രത്യക്ഷമായി

ഇ- ലേല തീയതിയും : 15-05-2026

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ വെബ്സൈറ്റായ www.bankofbaroda.com & ഇ – ലേല ഏജന്റ് https://baanknet.com എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. Mob No: 8714606420 നമ്പറിൽ ബന്ധപ്പെടുക.

സ്ഥലം : കോഴിക്കോട്
തീയതി : 06-04-2026

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ/ചീഫ് മാനേജർ, ബാങ്ക് ഓഫ് ബറോഡ

E2604-590197